പുത്തൻസാമ്പത്തികനയവും
വിദ്യാഭ്യാസവും

കേരള ശാസ്ത്ര സാഹിത്യപരിഷത്ത്

പുത്തൻ സാമ്പത്തികനയവും വിദ്യാഭ്യാസവും

കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വിവാദപരമായ നിരവധി പരിഷ്ക്കാരങ്ങൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. മറ്റു പല മേഖലകളിൽ എന്നപോലെ വിദ്യാഭ്യാസ രംഗത്തും ആഗോളവൽക്കരണം, ഉദാരവല്ക്കരണം, സ്വകാര്യവല്ക്കരണം എന്നീ ആശയങ്ങളുടെ സ്വാധീനം ഇന്ന് തെളിഞ്ഞുകാണാൻ കഴിയുന്നുണ്ട്. എയ്ഡഡ് സ്കൂളുകൾ പൂട്ടുമ്പോൾ തന്നെ, മുന്നൂറിലധികം അംഗീകൃതസ്കൂളുകൾ സ്ഥാപിക്കാൻ സർക്കാർ അനുവാദം നല്കിയിരിക്കയാണ്. കേരളത്തിൽ ഇതാദ്യമായി അൺഎയ്ഡഡ് കോളേജുകൾ നിലവിൽ വന്നിരിക്കുന്നു. സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും സ്ഥാപിക്കാൻ തല്പരകക്ഷികൾ നെട്ടോട്ടം ഓടുന്നു. പാഠപുസ്തകങ്ങളുടെ വില വർദ്ധിപ്പിച്ചതും ഉന്നതവിദ്യാഭ്യാസമേഖലയിൽ ഫീസ് വർധിപ്പിക്കാൻ ഒരുങ്ങുന്നതും, പുത്തൻനയത്തിൻെറ ഭാഗം തന്നെയാണ്. ടെക്നിക്കൽ ഹൈസ്കൂളുകൾ പോളിടെക്നിക്കുകളായും, പോളിടെക്നിക്കുകൾ എഞ്ചിനിയറിംഗ് കോളേജുകളായും ഉയർത്താൻ പരിപാടിയുണ്ട്. അതേസമയം ശാസ്ത്രീയമായ പഠനം ഒന്നും നടത്താതെ തന്നെ പുതിയ സർവ്വകലാശാലകൾ ഒന്നിനു പുറകെ ഒന്നായി ആരംഭിക്കാൻ തീരുമാനം എടുക്കുന്നു. ഈ മാറ്റങ്ങൾ വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റം വരുത്തുമെന്നാണ് ഗവൺമെൻറും ഗവൺമെൻറ്തല വിദ്യാഭ്യാസവിദഗ്ധരും ഒരുപോലെ അവകാശപ്പെടുന്നത്.

വികസിതരാഷ്ട്രങ്ങളിലെ വിദ്യാഭ്യാസമാതൃകകളുടെ വിജയത്തിലേക്കാണ് അവർ വിരൽ ചൂണ്ടുന്നത്. ആഗോളവല്ക്കരണത്തിൻെറയും ഉദാരവല്ക്കരണത്തിൻെറയും കാലഘട്ടത്തിൽ വിദ്യാഭ്യാസരംഗത്തിലും മാറ്റം വരേണ്ടതുണ്ടെന്നും പഴയ വിദ്യാഭ്യാസ മാതൃകകൾ കാലഹരണപ്പെട്ടുവെന്നും വാദിക്കപ്പെടുന്നു. വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസ ചെലവ് ഗവൺമെൻറിന് താങ്ങാനാവില്ല. സേവനമേഖല മുഴുവൻ വ്യവസായവൽക്കരിക്കപ്പെടുന്ന സാഹച

രൃത്തിൽ വിദ്യാഭ്യാസമേഖലയെ മാത്രം ഒഴിവാക്കാൻ സാധ്യമല്ല. ഈ വാദങ്ങളുടെ സാധുതയും ദിശാമാറ്റത്തിൻെറ ആശാസ്യതയും വിലയിരുത്തണമെങ്കിൽ, പുത്തൻ സാമ്പത്തികനയങ്ങളും ഘടനാപരമായ ക്രമീകരണ നടപടികളും ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്തെ പൊതുവിൽഎങ്ങനെ ബാധിക്കുമെന്ന് ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു.

പൊതുവിദ്യാഭ്യാസരംഗത്ത് ഉയർന്ന നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. എന്നാൽ ഇന്ത്യയുടെ മൊത്തം സ്ഥിതി ഇന്നും ദയനീയമായി തുടരുന്നു. പ്രൈമറിതലത്തിൽ തന്നെ 65 ശതമാനം കൊഴിഞ്ഞുപോക്ക് ഉണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഭരണ ഘടന വാഗ്ദാനം ചെയ്തിരുന്ന, 14 വയസ്സുവരെ നിർബന്ധിതസൗജന്യവിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കോത്താരി കമ്മീഷൻ പോലുള്ള വിവിധ വിദ്യാഭ്യാസ കമ്മീഷനുകളുടെ ശുപാർശകൾ സമഗ്രമായി നടപ്പിലാക്കാൻ നടപടികൾ എടുത്തിട്ടില്ല.

1990 ൽ തായ്‌ലണ്ടിൽ ചേർന്ന ഒരു അന്താരാഷ്ട്രവിദ്യാഭ്യാസസമ്മേളനത്തിൽ വെച്ചാണ് സാർവ്വത്രികവിദ്യാഭ്യാസം എന്ന ആശയത്തെ അന്താരാഷ്ട്രവല്ക്കരിച്ചത്. 'ജാൻക്യാൻ പ്രഖ്യാപനം' (Jankian Declaration)എന്ന പേരിലറിയപ്പെടുന്ന ഒരു രേഖ അംഗീകരിച്ചതോടെയാണ് ഈ സമ്മേളനത്തിന് തിരശ്ശീല വീണത്. ലോകത്ത് എല്ലാവർക്കും, എല്ലായിടത്തും 2000-ാ മാണ്ടോടെ വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന് ഈ പ്രഖ്യാപനം അനുശാസിക്കുന്നു. ഈ പ്രഖ്യാപനത്തിൽ ഒപ്പുവെച്ചിട്ടുള്ള ഒരു രാഷ്ട്രമാകുന്നു, ഇന്ത്യ. അതുകൊണ്ട്, 2000-ാ മാണ്ടോടെ ഇന്ത്യയിൽ എല്ലാവർക്കും വിദ്യാഭ്യാസം നല്കാനുള്ള ബാധ്യത സർക്കാരിനുണ്ട്.

കഴിഞ്ഞ രണ്ടുമൂന്നുവർഷങ്ങളായി, വിദ്യാഭ്യാസരംഗത്ത് കണ്ട ഏറ്റവും സ്വാഗതാർഹമായ നീക്കം, ഇന്ത്യയിലൊട്ടാകെ പടർന്നുപിടിച്ചിട്ടുള്ള സാക്ഷരതായജ്ഞമാണ്. കേന്ദ്രീകൃതമായി നടത്തിവന്നിരുന്ന വയോജനവിദ്യാഭ്യാസത്തിൻെറ സ്ഥാനത്ത്, ഒരു ജനകീയ മുന്നേറ്റമെന്നനിലയിൽ സാക്ഷരതാപ്രവർത്തനം അരങ്ങേറിയിരിക്കുന്നു. അനേകം യുവതീയുവാക്കളെ പ്രതിഫലേച്ഛയില്ലാതെ സാമൂഹ്യപ്രവർത്തനത്തിലേക്ക് ആകർഷിക്കാൻ സാക്ഷരതായജ്ഞത്തിന് കഴിഞ്ഞിട്ടുണ്ട്. ദേശീയസാക്ഷരതാമിഷൻ നേതൃത്വം നല്കുന്ന ഈ പരിപാടി നടപ്പിലാക്കുന്നത് സന്നദ്ധസംഘടനകളാണ്.

ജനപങ്കാളിത്തത്തോടെ വൻതോതിൽ സാക്ഷരതായജ്ഞം നടക്കുമ്പോൾതന്നെ ചില ചോദ്യങ്ങൾ നമ്മെ അലട്ടികൊണ്ടേയിരി

ക്കുന്നു. എന്തുകൊണ്ട്, നമുക്ക് എല്ലാ കുട്ടികളേയും സ്ക്കൂളിൽ എത്തിക്കാൻ കഴിയുന്നില്ല?. എന്തുകൊണ്ട് സാർവ്വത്രികവിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാൻ നമുക്ക് കഴിയുന്നില്ല.? വിദ്യാഭ്യാസത്തിന് വേണ്ടത്ര പണം ഇല്ലാത്തതാണ് നമ്മുടെ പിന്നോക്കാവസ്ഥക്ക് കാരണമെന്ന് പല രേഖകളിലും കാണാം. ഇത് യഥാർത്ഥമാണുതാനും. വിദ്യാഭ്യാസത്തിന് വേണ്ട വിഭവസമാഹരണം ചർച്ച ചെയ്യേണ്ടുന്ന വിഷയമാകുന്നു. വിദ്യാഭ്യസരംഗത്തെ അസമാനതയും വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. 42-ാം മത് നാഷണൽ സാംബിൾ സർവ്വേയിൽ കാണുന്ന വിവരങ്ങൾ വിശകലനം ചെയ്താൽ ഈ സമാനതയുടെ ചിത്രം നമുക്ക് ലഭിക്കുന്നതാണ്.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന സമൂഹങ്ങൾ തന്നെയാണ് വിദ്യാഭ്യാസരംഗത്തും പിന്നോക്കം നില്ക്കുന്നത്. കൊഴിഞ്ഞുപോക്കിൻെറ കണക്കു നോക്കിയാലും, ഉന്നത വിദ്യാഭ്യാസത്തിന് പോകുന്നവരുടെ കണക്കു നോക്കിയാലും ഇതു വ്യക്തമാകും. ഈ സാഹചര്യത്തിലാണ് പുത്തൻ സാമ്പത്തികനയങ്ങൾ വിദ്യാഭ്യാസരംഗത്തുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ പരിശോധിക്കേണ്ടത്. പുത്തൻ സാമ്പത്തികനയങ്ങൾ വ്യവസായരംഗത്തും കാർഷികരംഗത്തും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ മനസ്സിലാക്കാൻ എളുപ്പമാണ്. ഒരു വിദേശക്കമ്പനിക്ക് 16 ശതമാനം ലാഭം വാഗ്ദാനം നല്കി ഇന്ത്യയിലേക്ക് ക്ഷണിക്കുമ്പോൾ, അതിൻെറ അനന്തരഫലങ്ങൾ നമുക്ക് ഊഹിക്കാൻ കഴിയും, എന്നാൽ സാമൂഹ്യസേവനമേഖലയെ സംബന്ധിച്ചിടത്തോളം ഈ നയങ്ങളും അവയുടെ നടത്തിപ്പും കൂടുതൽ സങ്കീർണ്ണമാകയാൽ മനസ്സിലാക്കാൻ പ്രയാസമത്രെ.

ഘടനാപരമായ ക്രമീകരണങ്ങൾ വിദ്യാഭ്യാസരംഗത്ത് ഉണ്ടാക്കുന്ന സ്വാധീനത്തെപ്പറ്റി അന്താരാഷ്ട്രസാമ്പത്തികസ്ഥാപനങ്ങൾ തന്നെ ചില പഠനരേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. "വിദ്യാഭ്യാസവും ക്രമീകരണവും" (Education and Adjustments)എന്ന പേരിൽ ലോകബാങ്ക് പുറത്തിറക്കിയ ഒരു രേഖ അത്തരത്തിലുള്ള ഒന്നാണ്. സ്ഥൂലതലത്തിലും സൂക്ഷ്മതലത്തിലും സാമ്പത്തികരംഗത്ത് ഉണ്ടാവുന്ന ഘടനാപരമായ മാറ്റങ്ങൾ വിദ്യാഭ്യാസരംഗത്തെ ബാധിക്കുമെന്നാണ് ലോകബാങ്ക് രേഖ വെളിവാക്കുന്നത്.

ഘടനാപരമായ ക്രമീകരണങ്ങൾ സാമ്പത്തികരംഗത്ത് നടപ്പിലാക്കുമ്പോൾ, ആദ്യം കത്തിവീഴുന്നത് പൊതുവിദ്യാഭ്യാസത്തിനുള്ള ബഡ്ജറ്റ് വകയിരുത്തലിൽ ആണ്. ഇതിനാൽ, വിദ്യഭ്യാസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ സർക്കാരിന് താല്പര്യം കുറയുന്നു. പോസ്റ്റ്പ്രൈമറിവിദ്യാഭ്യാസത്തെയാണ് ഇത് കൂടുതലായും ബാധി

ക്കുക. സെക്കണ്ടറിതലത്തിലും ടെർഷ്യറിതലത്തിലും ഫീസ് വർധിപ്പിക്കുന്നതോടെ സാധാരണക്കാർക്ക് ഉന്നതവിദ്യാഭ്യാസം നേടാനുള്ള അവസരം ഇല്ലാതാകുന്നു. കുടുംബവരുമാനത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, വിലവർധനവ്, സേവനരംഗങ്ങളിൽ യൂസർഫീസ് (User fees)ഈടാക്കാനുള്ള നീക്കം, വിദ്യാർഥികൾക്ക് യാത്രയ്ക്കും ഭക്ഷണത്തിനും പാഠപുസ്തകങ്ങൾക്കുമെല്ലാം നല്കുന്ന സബ്സിഡികൾ കുറയ്ക്കൽ, തുടങ്ങിയ പരിഷ്ക്കാരങ്ങളും വിദ്യാഭ്യാസരംഗത്തെ ദോഷകരമായി ബാധിക്കും. കുടുംബവരുമാനം രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പറ്റാതെ വരുമ്പോൾ അത് കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കും. അവർക്ക് വേണ്ടത്ര പോഷകാഹാരം ലഭിക്കാതെയും വരും. ഇത് പരോക്ഷമായി, സ്ക്കൂളിലെ ഹാജർനിലയെ ബാധിക്കും.

ഘടനാപരമായ ക്രമീകരണങ്ങൾ കമ്പോളത്തിലും ആന്തരിക ഘടനയിലും ഉണ്ടാക്കുന്ന മാറ്റങ്ങൾ വിദ്യാഭ്യാസരംഗത്തെ ബാധിക്കും. കറൻസിയുടെ മൂല്യം കുറയ്ക്കുക വഴി വിദേശത്തുനിന്ന് ടെക്സ്റ്റ്ബുക്കുകൾ, ജെർണലുകൾ, ഗവേഷണോപകരണങ്ങൾ മുതലായവ വരുത്താൻ സാധ്യമല്ലാതെവരുന്നു. ചില ഉല്പന്നങ്ങളുടെ മേലുള്ള വില നിയന്ത്രണം എടുത്തുകളഞ്ഞതും വിദ്യാഭ്യാസമേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

മേല്പറഞ്ഞ കാര്യങ്ങളെല്ലാം ലോകബാങ്കിൻെറ രേഖയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, പുത്തൻ സാമ്പത്തികനയങ്ങൾ നടപ്പിൽവരുമ്പോൾ, വിദ്യാഭ്യാസത്തിനുള്ള ഫണ്ട് കുറയും, കുട്ടികൾക്ക് അവസരവും കുറയും.

ഇക്കാര്യങ്ങളെല്ലാം ഇന്ന് ഇന്ത്യയിൽ സജീവചർച്ചയ്ക്ക് വിധേയമായിട്ടുണ്ട്. വെറും 52 ശതമാനം മാത്രം സാക്ഷരതയുള്ള ഇന്ത്യയെ സംബന്ധിച്ചിടത്തോളം പുത്തൻസാമ്പത്തികനയങ്ങൾ കുനിന്മേൽ കുരുവാകുന്നു. വിദ്യാഭ്യാസരംഗത്ത് വളരെയേറെ മുന്നോട്ടുപോയിട്ടുള്ള കേരളത്തെ സംബന്ധിച്ചിടത്തോളം, പുത്തൻനയങ്ങൾ വലിയ അപകടമാണ് വരുത്തിവെക്കുക. നേടിയതെല്ലാം നഷ്ടപ്പെടുന്ന ഒരു സ്ഥിതിയിലാണ് നാമിപ്പോൾ.

ഘടനാപരമായ ക്രമീകരണങ്ങൾ മനുഷ്യത്വത്തോടെ മാത്രമേ നടപ്പിലാക്കൂ എന്നാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിൻെറ അർത്ഥം എന്താണ്? വിദ്യാഭ്യാസത്തിനുള്ള ബഡ്ജറ്റ് വകയിരുത്തൽ വർധിപ്പിക്കുമെന്നാണ് സ്വാഭാവികമായും നാം പ്രതീക്ഷിക്കുക. എന്നാൽ അനുഭവം മറിച്ചാണ്. 1960ൽ മൊത്തം ദേശീയോല്പാദനത്തിൻെറ 2.5 ശതമാനമായിരുന്നു വിദ്യാഭ്യാസത്തിന്

നീക്കിവെച്ചിരുന്നത്. 1989-90 ആയപ്പോൾ അത് 4.2 ശതമാനം ആയി ഉയർന്നുവെന്നത് ശരിയാണ്. ആദ്യത്തെ പഞ്ചവത്സരപദ്ധതിയിൽ മൊത്തം അടങ്കൽ .തുകയുടെ 8 ശതമാനം വിദ്യാഭ്യാസത്തിനായി നീക്കിവെച്ചിരുന്നു. എന്നാൽ ഏഴാം പദ്ധതി ആയപ്പോൾ ഇത് 3.6 ശതമാനമായി കുറഞ്ഞു. ശതമാനക്കണക്കിൽ വിദ്യാഭ്യാസത്തിനായി നീക്കിവെച്ച വിഹിതം ഓരോ പദ്ധതി കഴിയുമ്പോഴും കുറഞ്ഞുവരികയായിരുന്നുവെന്ന് കാണാം. എങ്കിലും ഏഴ് പദ്ധതികൾ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ പ്രൈമറി സ്ക്കൂളുകളിൽ കുട്ടികളെ എത്തിക്കാനും, സാർവ്വത്രിക വിദ്യാഭ്യാസം നടപ്പിൽ വരുത്താനും വേണ്ട പലനയങ്ങളും ആവിഷ്ക്കരിക്കയുണ്ടായിട്ടുണ്ട്. പക്ഷെ പരമപ്രധാനമായ ഈ പരിപാടി നടപ്പിൽ വരുത്തുന്നതിൽ വലിയ വീഴ്ചയുണ്ടായി. അതുകൊണ്ടുതന്നെ സർക്കാരിൻെറ നയപ്രഖ്യാപനങ്ങൾ വെറും ഏട്ടിലെ പശുവായി തീരുകയും ജനങ്ങൾക്ക് അത്തരം പ്രഖ്യാപനങ്ങളിൽ വിശ്വാസമില്ലാതാവുകയും ചെയ്തു. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ വിദ്യാഭ്യാസത്തിന് അനുവദിച്ച തുകയുടെ 55 ശതമാനം പ്രൈമറി വിദ്യാഭ്യാസമേഖലയ്ക്കായി നീക്കിവെച്ചു. എന്നാൽ ഏഴാം പദ്ധതിയായപ്പോൾ, ഇത് തീർത്തും കുറഞ്ഞു. ഉന്നതവിദ്യാഭ്യാസത്തിന് പ്രൈമറിവിദ്യാഭ്യാസത്തിനേക്കാൾ പരിഗണന ലഭിച്ചു. സാർവ്വത്രികവിദ്യാഭ്യാസത്തിന് നല്കിയിരുന്ന മുൻതൂക്കം ഇല്ലാതായി. ഉന്നത വിദ്യാഭ്യാസമേഖലക്ക് കൂടുതൽ തുക അനുവദിക്കുന്നതിലായി. താല്പര്യം 1986-87 ലെ കണക്കനുസരിച്ച് സർക്കാർ ഒരു പ്രൈമറി സ്ക്കൂൾ വിദ്യാർഥിക്ക് പ്രതിവർഷം 261 ഉറുപ്പികയും, മിഡിൽ സ്ക്കൂൾ വിദ്യാർഥിക്ക് 361 ഉറുപ്പികയും ഉന്നതവിദ്യാഭ്യാസത്തിന് പോകുന്ന വിദ്യാർഥിക്ക് 12,500 ഉറുപ്പികയും ചെലവഴിക്കുന്നു. ഒരു പ്രത്യേക മേഖലയുടെ ബഡ്ജറ്റിലും വലിയ അസമാനത കാണാം. ഉദാഹരണമായി പ്രൈമറിവിദ്യാഭ്യാസത്തിന് നല്കിയിട്ടുള്ള തുകയുടെ 95 ശതമാനവും ശമ്പളത്തിനായിട്ടാണ് ഉപയോഗപ്പെടുത്തുന്നത് 2 ശതമാനം മാത്രമാണ് വിദ്യാലയങ്ങൾ നിർമ്മിക്കാനും കേടുപാടുകൾ തീർക്കാനും ഉപകരണങ്ങൾ വാങ്ങാനുമായി നീക്കിവെച്ചിരിക്കുന്നത്.

ഇത്തരം ഒരു ദയനീയമായ അവസ്ഥയിൽ വിദ്യാഭ്യാസരംഗം എത്തി നില്ക്കമ്പോഴാണ് പുത്തൻസാമ്പത്തികനയത്തിൻെറ ദോഷഫലങ്ങളും അതിന്മേൽ പതിക്കുന്നത്. ഘടനാപരമായ ക്രമീകരണങ്ങൾ വിദ്യാഭ്യാസരംഗത്തെ ദോഷകരമായി ബാധിക്കുമെന്ന് സമ്മതിക്കുന്ന ലോകബാങ്ക് തന്നെയാണ് പ്രൈമറിവിദ്യാഭ്യാസത്തിന് മുൻഗണന നല്കണമെന്നും നമ്മോട് ആവശ്യപ്പെടുന്നത്. ലോകബാങ്കിൻെറ പഠനരേഖയിൽ പറയുന്നത് ശ്രദ്ധിക്കുക.

സ്കൂൾവിദ്യാഭ്യാസം വികസ്വരരാജ്യങ്ങളിലെ പൗരന്മാരുടെ വരുമാനവും ഉല്പാദനക്ഷമതയും വർധിപ്പിക്കും. ഉന്നത വിദ്യാഭ്യാസത്തെക്കാൾ ഇരട്ടി ലാഭം പ്രാഥമിക വിദ്യാഭ്യാസത്തിലുള്ള മുതൽ മുടക്കാണ്. എങ്കിലും, പ്രൈമറിവിദ്യാമുാസരംഗത്തെ പാടെ അവഗണിച്ചുകൊണ്ട്., ഉന്നതവിദ്യാഭ്യാസത്തിന് വളരെയേറെ സബ്സിഡികൾ നല്കുകയാണ് ഈ ഗവൺമെൻറുകൾ. അക്കാദമികവും സാമ്പത്തികവുമായ പരിഗണനകൾ ഒന്നും കൂടാതെ വിദ്യാർഥികൾക്കെല്ലാം സമ്പ്സിഡികൾ നല്കുന്നത് കാര്യക്ഷമത ഇല്ലാതാക്കും; അതിനാൽ പ്രൈമറിവിദ്യാഭ്യാസത്തിന് മുൻഗണന നല്കണമെന്ന് ലോകബാങ്ക് സമർഥിക്കുന്നു.

ഘടനാപരമായക്രമീകരണപരിപാടികൾ തികച്ചും വിരോധാത്മകമായ രണ്ട് അവസ്ഥകളാണ് ഉണ്ടാകുന്നത്. പ്രൈമറി വിദ്യാഭ്യാസത്തിനുള്ള മുതൽമുടക്ക് വർധിപ്പിക്കണമെന്ന് ലോകബാങ്ക് ആവശ്യപ്പെടുന്നു. എന്നാൽ ലോകബാങ്കിൻെറ നിബന്ധനകളുടെ ഫലമായി നടപ്പിലാക്കിയ സാമ്പത്തികപരിഷ്ക്കാരങ്ങൾ കാരണം സാമൂഹ്യസേവനമേഖലയിലെ മുതൽ മുടക്ക് വെട്ടിക്കുറയ്ക്കാൻ നാം നിർബന്ധിതരായിത്തീരുന്നു. ഇത്തരം ഒരു പരിതസ്ഥിതിയിൽ ഭാരതസർക്കാരിന് എന്തുചെയ്യാനാവും? സാമൂഹ്യസേവനമേഖലയിലെ മുതൽമുടക്ക് വർദ്ധിപ്പിക്കാൻ സർക്കാരിന് ഇപ്പോൾ കഴിയുകയില്ല. കാരണം അപ്രകാരം ചെയ്താൽ അടുത്ത തവണ കടം ആവശ്യപ്പെടുമ്പോൾ അന്താരാഷ്ട്രസാമ്പത്തികസ്ഥാപനങ്ങൾ തടസ്സം പറയും.

തികച്ചും വിപരീതമായ ഈ രണ്ട് സ്ഥിതി വിശേഷങ്ങൾ ഉണ്ടായത് അന്താരാഷ്ട്ര വികസന ഏജൻസിയുടെ (International Development Agency) (IDA)ഇടപെടലിന് കളമൊരുക്കി. വിദ്യാഭ്യാസവും ആരോഗ്യവും ഘടനാപരമായ ക്രമീകരണപരിപാടികളാൽ ബാധിക്കപ്പെടുമെന്നുള്ളതുകൊണ്ട് ഒരു സാമൂഹ്യസുരക്ഷിതത്വശ്രേണി (Social Safety net) രൂപീകരിക്കാൻ തയ്യാറാണെന്ന് IDA-, 1992ൽ ഇന്ത്യ ഗവൺമെൻറ്റിനെ അറിയിച്ചു. ലോകബാങ്കിൻെറ ഒരു വായ്പാ ഏജൻസിയാണ് IDA

ഇക്കാര്യത്തിൽ ഇന്ത്യാഗവൺമെൻറിനേക്കാൾ താല്പര്യം കാണിച്ചത് IDA ആണ്. ഇന്ത്യാഗവൺമെൻറിന് ലഘുവായ വ്യവസ്ഥകളിൽ, സമൂഹ്യസേവനമേഖലയെ പരിപോഷിപ്പിക്കാൻ കടം നൽകാൻ IDA മുന്നോട്ടുവന്നു. അൻരാഷ്ട്ര സാമ്പത്തികസ്ഥാപനങ്ങളുടെ തന്ത്രം തികച്ചും വ്യക്തമായിരുന്നു. ആദ്യം അവർ, സാമൂഹ്യസേവനമേഖലയിലെ മുതൽമുടക്ക് വെട്ടികുറയ്ക്കണമെന്ന്

ആവശ്യപ്പെട്ടു, പിന്നീട്, തങ്ങൾ കടം നല്കി സർക്കാരിനെ രക്ഷിക്കാൻ തയ്യാറാണെന്ന് അവർ അറിയിച്ചു. 1992 മുതൽ ഇന്ത്യാഗവൺമെൻറ് വിദ്യാഭ്യാസ - ആരോഗ്യമേഖലയ്ക്ക് വേണ്ടി IDA യിൽ നിന്ന് ഫണ്ടുകൾ സ്വീകരിച്ചുതുടങ്ങി.

IDA നല്കുന്ന കടം മറ്റെല്ലാ കടങ്ങൾക്കുമെന്നപോലെ ചില വ്യവസ്ഥകൾക്ക് വിധേയമാണ്. ഉന്നതവിദ്യാഭ്യാസമേഖലയിലെ സബ്സിഡികൾ വെട്ടിക്കുറച്ചാൽ മാത്രമെ IDA സാമൂഹ്യസുരക്ഷിതത്ത്വശ്രേണിയുടെ ഭാഗമായി കടം നല്കുകയുള്ളു. നമ്മുടെ ഗവൺമെൻറ് ആ വ്യവസ്ഥ സ്വീകരിക്കുകയുണ്ടായി.

ഈ ഫണ്ട് ഉപയോഗിച്ച്, ജില്ലാതലത്തിൽ പ്രൈമറിവിദ്യാഭ്യാസപരിഷ്ക്കരണങ്ങൾ നടപ്പിൽ വരുത്താൻ സർക്കാൻ തീരുമാനിച്ചു. ജില്ലപ്രൈമറിവിദ്യാഭ്യാസപരിപാടി - District Primary Eduction Programme - DPEP എന്നാണ് ഈ പരിപാടിയുടെ പേർ. ഈ പരിപാടി വഴി സാർവ്വത്രിക വിദ്യാഭ്യാസം എന്ന ലക്ഷ്യം നേടുവാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. ഏതാണ്ട് 2000 കോടി ഉറുപ്പികയുടെ വിദേശസാമ്പത്തിക സഹായമാണ് സർക്കാൻ പ്രതീക്ഷിക്കുന്നത്. 80-ാം പദ്ധതിയിൽ ഡി.പി.ഇ.പി. പദ്ധതി 120 ജില്ലകളിൽ നടപ്പിലാക്കും. ചില സംസ്ഥാനങ്ങളിൽ പരിപാടി ആരംഭിച്ചുകഴിഞ്ഞു. എല്ലാവർക്കും വിദ്യാഭ്യാസമെന്ന ലക്ഷ്യത്തോടെ രാജസ്ഥാനിൽ ഡി.പി.ഇ.പി ആരംഭിച്ചിരിക്കുന്നു. IDA ആണ് ഇതിനായി പണം നല്കുന്നത്. യുറോപ്യൻ സാമ്പത്തികസമൂഹം (EEC) മദ്ധ്യപ്രദേശ് ഡി.പി.ഇ.പി ക്ക് സഹായം നല്കുവാൻ മുന്നോട്ടു വന്നിട്ടുണ്ട്. ലോകബങ്ക് നേരിട്ട് തന്നെയാണ് യു.പി.യിലെ ഡി.പി.ഇ.പിയ്ക്കാവശ്യമായ ഫണ്ട് നല്കാൻ തീരുമാനിച്ചിരിക്കുന്നത്. ദക്ഷിണ ഒറീസ്സയിലെ എട്ട് ജില്ലകൾക്ക് സഹായം നൽകുന്നത് ജർമ്മനിയാണ്. ലോകബാങ്ക് തമിഴ്നാടിലെ നാല് ജില്ലകൾക്ക് പണം നല്കുന്നു. കേരളത്തിൽ മലപ്പുറം, വയനാട് കാസറഗോഡ് എന്നി മൂന്ന് ജില്ലകളാണ് DPEP പരിപാടി ഏറ്റെടുക്കുന്നത്. ലോകബാങ്കും, ഡച്ച് സർക്കാരും ഇതിനായി ഫണ്ടും നല്കും. ഇത്തരത്തിൽ ഭാരതത്തിൻെറ ചരിത്രത്തിലാദ്യമായി വിദ്യാഭ്യാസരംഗം വിദേശസാമ്പത്തിക സ്ഥാപനങ്ങൾക്കും ലോകബാങ്കിനും തുറന്നുകൊടുത്തിരിക്കുന്നു.

ഇതിൻെറ പ്രത്യാഘാതങ്ങൾ എന്തെല്ലാമായിരിക്കും?. യഥാർത്ഥത്തിൽ ഇത് അല്പം വിഷമം പിടിച്ച ചോദ്യം തന്നെയാണ്. പ്രാസംഗിക ഭാഷയിൽ, അവർ നമ്മുടെ വിദ്യാഭ്യാസ മേഖല പിടിച്ചെടുക്കുമെന്ന് പറയാം. ഇത് സത്യവുമാണ്. ക്രമേണ അവർ

ഇന്ത്യൻ വിദ്യാഭ്യാസമേഖല കൈവശപ്പെടുത്തുകതന്നെ ചെയ്യും. ജലസേചനം തുടങ്ങിയ രംഗങ്ങളിൽ അവർ ചെയ്ത് വരുന്നതുപോലെ ആത്യന്തികമായി, വിദ്യാഭ്യാസമേഖലയിൽ എന്തെല്ലാം ചെയ്യണമെന്ന് തീരുമാനിക്കുന്നത് ഈ സാമ്പത്തികസ്ഥാപനങ്ങൾ ആയിരിക്കും.

ഡി.പി.ഇ.പി.യുടെ നിയന്ത്രണവും മാനേജ്മെൻറും വിദേശ സാമ്പത്തികസ്ഥാപനങ്ങൾക്കായിരിക്കുകയില്ലെന്നും, മറിച്ച് പൂർണ്ണമായും ഇന്ത്യയ്ക്കു തന്നെയായിരിക്കുമെന്നും ഉറപ്പുവരുത്താൻ തങ്ങളാൽ ആവുന്നതൊക്കെ ചെയ്തിട്ടുണ്ടെന്നാണ്, ഈ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്താനും, നയം രൂപീകരിക്കാനും നടപ്പിലാക്കാനും ഉത്തവാദപ്പെട്ടവർ അവകാശപ്പെടുന്നത്. ഇതിൻെറ അർത്ഥം എന്താണ്? വിവിധ കമ്മറ്റികളിൽ ആരെല്ലാം അംഗങ്ങളായിട്ടിരിക്കണമെന്ന് നമുക്ക് തീരുമാനിക്കാമെന്നാണോ? മൂല്യനിർണയത്തിനുള്ള മാർഗ്ഗം എന്താണെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമാണോ? കരിക്കുലം, സിലബസ്സ് മുതലായവ ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ എത്ര വിദേശവിദഗ്ധന്മാരെ പങ്കെടുപ്പിക്കാമെന്ന് തീരുമാനിക്കലാണോ? ഇത്തരം കാര്യങ്ങളിൽ ഇന്ത്യാ ഗവൺമെൻറിൻെറ നിബന്ധനകൾ ലോകബാങ്ക് അംഗീകരിക്കാൻ തയ്യാറാണെന്ന് തോന്നുന്നു. ഡി.പി.ഇ.പിയുടെ മാനേജ്മെൻറ്റിലും നിയന്ത്രണത്തിലും തങ്ങൾക്ക് പങ്കുവേണമെന്ന് യൂറോപ്യൻ സാമ്പത്തിക സമൂഹം (EC)നിർബന്ധം പിടിക്കുന്നുണ്ട്. ഇവിടെ ഉയർന്നു വരുന്ന ഒരു പ്രധാനപ്പെട്ട ചോദ്യമുണ്ട്. വിദ്യാഭ്യാസംപോലെ അതിപ്രധാനപ്പെട്ട ഒരു മേഖലയിൽ നമ്മുടെ പരമാധികാരം നിലനിർത്താൻ, സാധാരണരീതിയിൽ എടുക്കുന്ന മുൻകരുതലുകൾ മാത്രം മതിയോ? പോരാ എന്നതാണ് യാഥാർത്ഥ്യം.

ഡി.പി.ഇ.പി ഇപ്പോൾതന്നെ നടപ്പിലാക്കി തുടങ്ങിയ ചില സംസ്ഥാനവിദ്യാഭ്യാസ വകുപ്പുകളുടെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നത് രസകരമായിരിക്കും. ഈ ജില്ലകളിൽ ഒന്നും വെള്ളക്കാരെ കണ്ടുവെന്ന് വരില്ല. ജില്ലകളിൽതന്നെയാണ് പദ്ധതിയുടെ ആസൂത്രണം നടന്നത്. സൂക്ഷ്മതലത്തിലുള്ള ആസൂത്രണം വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് പരിപാടി എങ്ങനെ നടപ്പിലാക്കണമെന്ന് തീരുമാനിക്കുന്നത് ജില്ലകൾ തന്നെയാണ്.

പക്ഷേ, പ്രധാനപ്പെട്ട പ്രശ്നം ആരാണ് ജില്ലാതലപദ്ധതിയുടെ ഘടന തീരുമാനിച്ചത് എന്നതാണ്. ലോകബാങ്കിലെ മിഡിൽടൺ എന്നയാളാണ് ഇത് നിശ്ചയിച്ചത്. ജില്ലാതല ആസൂത്രണം എങ്ങനെ നടത്താമെന്ന് കാണിക്കുന്ന ഒരു കരട് രേഖ ഇയാൾ ഉണ്ടാക്കിയിട്ടുണ്ട്. മിഡിൽടൺ തയ്യാറാക്കിയ പെർഫോമ ഈ ഡി.പി.ഇ.

പികൾക്ക് നല്കുകയുണ്ടായി. ഇതാണ് മാർഗരേഖയായി ജില്ലാ വിദ്യാഭ്യാസ അധികാരികൾ സ്വീകരിച്ചത്. ഈ പെർഫോമ വിവിധ ഭാഷകളിൽ അച്ചടിച്ചിട്ടുണ്ട്. ജില്ലാ പദ്ധതികൾ തയ്യാറാക്കിയത് ഈ പെർഫോമ ഉപയോഗിച്ചു തന്നെയാണ്. ഒരു വശത്ത്, ജനപങ്കാളിത്തം, സൂക്ഷ്മതലആസൂത്രണം തുടങ്ങിയ കാര്യങ്ങൾ നാം കാണുന്നു. മറുവശത്ത് നമുക്ക് ഒരു പെർഫോമ നല്ക്കുകയും അതിനനുസരിച്ച് പദ്ധതി തയ്യാറാക്കാൻ പറയുകയും ചെയ്യുന്നു.

വിദേശസഹായത്തോടെ ഏറ്റെടുക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ, വിവിധ സംസ്ഥാനങ്ങളിൽ റജിസ്റ്റർഡ് സൊസൈറ്റികൾ രൂപികരിക്കണമെന്നാണ് IDA യുടെ വ്യവസ്ഥ. വിദ്യാഭ്യാസവകുപ്പ് ആയിരിക്കുകയില്ലാ ഈ പദ്ധതി നടപ്പിലാക്കുക. പകരം, മേല്പറഞ്ഞതരം വിദ്യാഭ്യാസ സൊസൈറ്റികൾ ആയിരിക്കും അത് നടപ്പിലാക്കുക.

ഭരണനടപടികളുടെ സങ്കീർണത കാരണം വിദ്യാഭ്യാസ വകുപ്പിന് ഈ പദ്ധതി നടപ്പിലാക്കാൻ സാധ്യമല്ല എന്ന വാദം ഉയർന്നുവന്നിട്ടുണ്ട്. സാധാരണ സർക്കാർ നിയമങ്ങളിൽ നിന്ന് വ്യത്യസ്ത നിയമാവലി ഉള്ള സൊസൈറ്റികൾ രൂപീകരിക്കുന്നത് സൗകര്യപ്രദമായിരിക്കുമെന്നതിന് സംശയമില്ല. എന്നാൽ, ഡിപിഇപിയുടെ നടത്തിപ്പിനായി ഇപ്രകാരമുള്ള ഒരു സമാന്തര സംവിധാനം ഉണ്ടാകുമ്പോൾ, വിദ്യാഭ്യാസ വകുപ്പിൻെറ സ്ഥാനമെന്തായിരിക്കും? വിദ്യാഭ്യാസവകുപ്പിനെ തള്ളിപ്പറയുന്നതിനുപകരം അവയെ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ എടുത്തുകൂടേ എന്നും ചോദിക്കുന്നവർ ഉണ്ട്. ഡിപിഇപിയുടെ നടത്തിപ്പിനായി ഉണ്ടാക്കുന്ന സൊസൈറ്റിയുടെ അധ്യക്ഷൻ മുഖ്യമന്ത്രിയാകാനാണ് സാധ്യത. ഇതിൽ ഉയർന്ന സർക്കാർ ഉദ്യോഗസ്ഥന്മാരും, ചില വ്യക്തികളും ഉണ്ടാകാം. ജില്ലാതലത്തിൽ ഇവയ്ക്ക് യൂണിറ്റുകൾ ഉണ്ടാകും. അവരാണ് ഈ പദ്ധതിയുടെ യഥാർഥ നടത്തിപ്പുകാർ. ഇതാണ് ഡി.പിഇപിയുടെ ഘടന.

ആശയപ്രചാരണത്തിനുള്ള ഒരു മാർഗമാണ് വിദ്യാഭ്യാസം. അധികാരി വർഗത്തിൻേറതായ ആശയങ്ങൾ പ്രചരിക്കപ്പെടുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. ചിലപ്പോൾ വേറിട്ടൊരു ചിന്തയ്ക്കും ഇത് വഴി തെളിയിക്കാം. ഇവ രണ്ടും വിദ്യഭ്യാസത്തിൻെറ ഭാഗമാണ്. കരിക്കുലവും ബോധനമാർഗവുമാണ് ആശയപ്രചാരണത്തിന് ഉപയോഗിക്കുക. വിദ്യാഭ്യാസത്തിൻെറ രാഷ്ട്രീയഘടകം ഇതിലാണ്.

ഈ രംഗത്ത് നിയന്ത്രണം നിലനിർത്തിക്കൊണ്ടുപോകാൻ പ്രയാസങ്ങൾ ഉണ്ടാകും. ബംഗ്ലാദേശ്, പാക്കിസ്ഥാൻ, തായ്ലണ്ട്,

ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലെ അനുഭവങ്ങൾ അതാണ് തെളിയിക്കുന്നത്. വിദേശഫണ്ട് ധാരാളമായി ഉപയോഗിക്കുന്ന ഈ രാജ്യങ്ങളിലെ വിദ്യാഭ്യാസമേഖലയിൽ പിടിമുറുക്കുവാൻ ലോകബാങ്കിന് കഴിഞ്ഞിട്ടുണ്ട്. ഇതിൽ ശ്രീലങ്കയുടെ കാര്യം എടുത്തുപറയേണ്ടതാണ്. 1975 വരെ ശ്രീലങ്കയിലെ വിദ്യാഭ്യാസം ഏഷ്യൻരാജ്യങ്ങളുടെ മുഴുവൻ തന്നെ ഒരു മാതൃകയായിരുന്നു. എന്നാൽ 75 നു ശേഷം വിദേശഫണ്ടുകൾ സ്വീകരിച്ചു തുടങ്ങിയതോടെ സംഗതികൾ കുഴപ്പത്തിലായി. വിദ്യാഭ്യാസവകുപ്പും, ലോകബാങ്ക് പദ്ധതികളും സമാന്തരമായി പ്രവർത്തിക്കുവാൻ തുടങ്ങി. അത് വിദ്യാഭ്യാസത്തിൻെറ ദിശയെ തന്നെ മാറ്റിക്കളഞ്ഞു. ഇന്ത്യയിലും ഇപ്രകാരം സംഭവിക്കാൻ സാധ്യത ഉണ്ട്.

വിദേശ ഫണ്ട്, ഇന്ത്യയെ സംബന്ധിച്ചിടത്തോളം തീർത്തും ശുഷ്കമായതിനാൽ ആശങ്കയ്ക്ക് ഒട്ടും അവകാശമില്ലായെന്നതാണ് കേന്ദ്രമാനവവികസന വകുപ്പ് മന്ത്രിയുടെ അഭിപ്രായം. പ്രൈമറിവിദ്യാഭ്യാസത്തിന് ദേശീയതലത്തിൽ നീക്കിവെച്ചിട്ടുള്ള തുകയുടെ നാല് ശതമാനം മാത്രമാണ് വിദേശ സഹായം. പക്ഷേ, വിദേശ ഫണ്ട് എത്ര ചെറുതാണ് എന്നതല്ലാ കാര്യം, നാം നമ്മുടെ വിദ്യാഭ്യാസമേഖല, വിദേശ സാമ്പത്തിക ഏജൻസികൾക്ക് തുറന്നു കൊടുത്തുവെന്നതാണ്. നമ്മുടെ വാതിലുകൾ തുറക്കുന്നതോടെ, മസ്തിഷ്ക്കപ്രാക്ഷളനം ആരംഭിക്കും. ഇത് നമുക്ക് ശരിക്കും കാണാൻ കഴിയും. എല്ലാ ഡി.പി.ഇ.പികളിലും സർക്കാർ കോർ ഗ്രൂപ്പുകൾ ഉണ്ടാക്കിയിട്ടുണ്ട്. കരിക്കുലം, പരിസ്ഥിതി പ്രശ്നങ്ങൾ, സാമ്പത്തികം,. ലിംഗ സംബന്ധമായ പ്രശ്നങ്ങൾ (Gender issues)തുടങ്ങി പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ച വിവിധ മേഖലകൾ ഈ കോർ ഗ്രൂപ്പ് കൈകാര്യം ചെയ്യും. ഇതിൽ നിയമിക്കപ്പെട്ടവർ എല്ലാവരും തന്നെ NCERT യിൽ നിന്നുള്ളവരാണ്. ഒരു തരത്തിൽ പറഞ്ഞാൽ വിദേശ സാമ്പത്തിക ഏജൻസികൾ നിശ്ചയിച്ച നിബന്ധനകൾ നടപ്പിലാക്കാൻ നാം ഇന്ത്യക്കാരായ മധ്യവർത്തികളെ കണ്ടെത്തിയിരിക്കുന്നു!

പ്രൈമറി വിദ്യഭ്യാസമേഖലയിൽ ഇതുവരെ നാം സൃഷ്ടിച്ചതെന്തോ, അതിൽനിന്ന് DPEP പടുത്തുയർത്തുന്നതിനുപകരം, ഇവയെ അപ്പാടെ മാറ്റി പുത്തൻ രീതികൾ കൊണ്ടുവരണമെന്നാണ് ഈ കമ്മറ്റികൾ ശുപാർശ ചെയ്തിരിക്കുന്നത്. ഈ മേഖലയിൽ നാം സ്വയം സൃഷ്ടിച്ചെടുത്തതെല്ലാം ഇതിനാൽ ഇല്ലാതാവുന്നു. പ്രൈമറി വിദ്യാഭ്യാസമേഖലയിൽ പോലും നമ്മുടെ സ്വാശ്രയത്വം ഇല്ലാതാകുന്നുവെന്നാണ് ഇതിനർത്ഥം.

സാമ്പത്തിക പരാധീനതകളാണ് കുട്ടികളെ സ്ക്കൂളിൽ നിന്ന് അകറ്റിനിർത്തുന്നത് എന്ന ധാരണ കുറെക്കാലമായി പ്രചരിച്ചുവരുന്നു. അതിനാൽ കുട്ടികളെ സ്ക്കൂളിൽ എത്തിക്കുക എന്നത് ഒരു വിദ്യാഭ്യാസ പ്രശ്നം മാത്രമല്ല, വികസനത്തിൻെറ പ്രശ്നം കൂടിയാണ്. വിദ്യാഭ്യാസമേഖലയ്ക്ക് മാത്രം കൈകാര്യം ചെയ്യാൻ പറ്റുന്ന പ്രശ്നമല്ലിത്. ഇത് എത്രമാത്രം ശരിയാണെന്ന് നമുക്ക് പരിശോധിക്കേണ്ടതുണ്ട്.

പ്രൊഫ.ബി.എസ്.മിൻഹ "Educational Deprivation and it's role as a spoiler of access to better life in India" എന്ന തൻെറ പഠനരേഖയി മേല്പറഞ്ഞ കാര്യങ്ങൾ സ്ഥിതി വിവരക്കണക്കുളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തിട്ടുണ്ട്.

സ്ക്കൂളിൽ എത്തിപ്പറ്റാൻ വയ്യാത്തതാണ് ഇന്ത്യയിലെ ഏറ്റവും വലിയ പ്രശ്നം; പ്രതേകിച്ചും മലമ്പ്രദേശങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ 10.25 ശതമാനം കുട്ടികളും പട്ടണപ്രദേശങ്ങളിൽ ะ.0 ശതമാനം കുട്ടികളും സ്ക്കൂളിൽ ചേരാത്തതിന് കാരണം ഇതാണത്രെ. സാമ്പത്തിക കാര്യങ്ങളിൽ കുടുംബത്തിനെ സഹായിക്കാൻ വേണ്ടി ഗ്രാമപ്രദേശങ്ങളിൽ 13 ശതമാനവും, പട്ടണപ്രദേശങ്ങളിൽ 11 ശതമാനവും കുട്ടികൾ സ്ക്കൂൾ വിദ്യാഭ്യാസം ഉപേക്ഷിക്കുന്നു. മറ്റു സാമ്പത്തിക കാരണങ്ങളാൽ ഗ്രാമപ്രദേശങ്ങളിലും പട്ടണപ്രദേശങ്ങളിലും 27 ശതമാനം കുട്ടികൾ സ്ക്കുളിൽ എത്തുന്നില്ല. എന്നാൽ സ്ക്കൂളിൽ നിന്ന് കുട്ടികളെ അകറ്റി നിർത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം താല്പര്യമില്ലായ്മയാണെന്ന് പ്രൊഫ.മിൻഹയുടെ പഠനങ്ങൾ കാണിക്കുന്നു. ഗ്രാമപ്രദേശങ്ങളിലും പട്ടണപ്രദേശങ്ങളിലും ഉള്ള 30 ശതമാനം കുട്ടികൾ പള്ളിക്കൂടത്തിൻെറ പടിചവിട്ടാൻ തയ്യാറാകാത്തതിനു കാരണം, ഈ താല്പര്യമില്ലായ്മയാണ്. വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവരെല്ലാം മനസ്സിലാക്കേണ്ട ഒരു വസ്തുതയാണിത്.

വിദ്യാർത്ഥികൾക്ക് സ്ക്കൂളിൽ പോകാൻ താല്പര്യം ജനിപ്പിക്കുകയും, സ്ക്കൂൾ വിദ്യാഭ്യാസം അവരുടെ ജീവിതവുമായി ബന്ധപ്പെടുത്തുകയും ചെയ്താൽ മാത്രമെ സാർവ്വത്രിക വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാൻ ആവൂ. ഈ വസ്തുത പല തവണ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണെങ്കിലും ഇപ്പോഴാണ് അതിന് വേണ്ടത്ര തെളിവുകൾ ലഭിച്ചിട്ടുള്ളത്. കരിക്കുലത്തിലും അധ്യാപന രീതിയിലും വേണ്ടത്ര പരിഷ്ക്കാരങ്ങൾ വരുത്തി, സ്ക്കൂൾ വിദ്യാഭ്യാസം കുട്ടികളെ സംബന്ധിച്ചിടത്തോളം രസകരവും ഉചിതവും ആക്കി മാറ്റാം.

ബോധന സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതോടൊപ്പം അധ്യാപകർക്ക് പ്രോൽസാഹനവും പ്രചോദനവും പരിശീലനവും നല്കാനുള്ള നടപടികളും ഉണ്ടാകണം. ഇതിന് വലിയ സാമ്പത്തിക ബാദ്ധ്യത ഒന്നും ഉണ്ടാകാൻ പോകുന്നില്ല. ഇപ്പോൾ ഉള്ള സംവിധാനങ്ങൾ തന്നെ ഉചിതമായ രീതിയിൽ പരിഷ്ക്കരിച്ചാൽ മതി. പക്ഷെ സ്ക്കൂൾ മാനേജ്മെൻറിനെ സംബന്ധിച്ചും, സ്ക്കൂൾ വിദ്യാഭ്യാസത്തിൽ അധ്യാപകരുടെ പങ്കിനെകുറിച്ചുമുള്ള ഇന്നുള്ള പല ധാരണകളും മാറ്റേണ്ടിവരും.

കുട്ടികൾക്ക് എത്തിപറ്റാൻ തക്കവണ്ണം സ്ക്കൂൾ ഉണ്ടാവുക, അവിടെ ആവശ്യമായ ഭൗതികസൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയോടൊപ്പംതന്നെ പ്രാധാന്യമുള്ളതാണ് മേല്പറഞ്ഞ ഘടകവും. കുടുംബവരുമാനം വർധിപ്പിക്കാൻ വേണ്ടി പണിയെടുക്കുവാൻ നിർബന്ധിതരായിത്തീരുന്ന ഈ വിദ്യാർഥികൾ പോലും, അവരുടെ സൗകര്യത്തിനനുസരിച്ച് സ്ക്കൂൾ സമയം ക്രമികരിച്ചാൽ സ്ക്കൂളിൽ വരാൻ തയ്യാറാകും. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പഠനം ഒരു രസകരമായി അനുഭവം ആയി മാറണം. അതിനുവേണ്ട കാര്യങ്ങൾ ചെയ്യാതെ, വിദേശത്തുനിന്ന് സ്വരുപിക്കുന്നതോ, സ്വദേശത്ത്നിന്ന് സ്വരുപിക്കുന്നതോ ആയ പണം ചെലവഴിക്കാൻ മാത്രം വേണ്ടി പദ്ധതികൾ ഉണ്ടാക്കുന്നത് ഒരു ദേശീയ നഷ്ടമായിതീരും.

അക്കാദമികവും ഭരണപരവുമായ കാര്യങ്ങളിൽ പ്രൈമറി സ്ക്കൂൾ അധ്യാപകന് മുഖ്യപങ്ക് നല്കുക എന്നതാണ് സാർവ്വത്രിക വിദ്യാഭ്യാസം നടപ്പിലാക്കുന്നതിൻെറ പ്രധാനപ്പെട്ട ഘടകം. കരിക്കുലം രൂപീകരിക്കുന്നതിലും ബോധനരീതിയിൽ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിലും, ടെക്സ്റ്റു ബുക്ക് നിർമ്മാണത്തിലുമെല്ലാം പ്രൈമറിസ്ക്കൂൾ അധ്യാപകന് പങ്ക് ഉണ്ടായിരിക്കണം. അധികാര വികേന്ദ്രീകരണത്തിൽ കൂടിമാത്രമേ ഈ പ്രക്രിയ നടപ്പിലാക്കാൻ കഴിയൂ. പഞ്ചായത്ത് രാജ് നിയമം നടപ്പൽ വരുമ്പോൾ, പ്രൈമറി സ്ക്കൂളുകളുടെ ഭരണനിർവ്വഹണം പഞ്ചായത്തിലേക്ക് മാറേണ്ടതാണ് പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിലേക്ക് പ്രൈമറി വിദ്യാഭ്യാസത്തിൻെറ ചുമതല കൈമാറ്റപ്പെടുമ്പോൾ, വിദ്യാഭ്യാസം കൂടുതൽ ജനാധിപത്യവല്ക്കരിക്കപ്പെടും. വില്ലേജ് വിദ്യാഭ്യാസ സമിതികൾ വഴി പ്രൈമറി സ്ക്കൂൾ വിദ്യാഭ്യാസം കാര്യക്ഷമമാക്കാൻ കഴിയും. ഇവയിലെല്ലാം അധ്യാപകർക്ക് മുഖ്യ പങ്ക് ഉണ്ടാവുകയും വേണം. സമൂഹത്തിന് അധ്യാപകരോടുള്ള ഉത്തരവാദിത്വവും, അധാപകർക്ക് സമൂഹത്തോടുള്ള ഉത്തരവാദിത്വവും ഇത്തരം സംവിധാനം വഴി അരക്കിട്ട് ഉറപ്പിക്കാൻ കഴിയും. തങ്ങളുടെ വിദ്യാർഥികൾക്ക് ആവശ്യമായ വിജ്ഞാനം, അവർക്ക്

രുചിക്കുന്ന രീതിയിൽ നല്കാൻ, പഞ്ചായത്ത് വിദ്യാഭ്യാസ കോംപ്ലെക്സുകൾ വഴി കഴിയും. വിദ്യാഭ്യാസരംഗത്ത് പരിശീലനവും ഗവേഷണവും നടത്തുന്ന സ്ഥാപനങ്ങളായി മാറണം പഞ്ചായത്ത് കോംപ്ലക്സുകൾ. പഠിപ്പിക്കാൻ താല്പര്യം അധ്യാപകർക്കും പഠിക്കാൻ താല്പര്യം വിദ്യാർഥികൾക്കും ഉണ്ടായാൽ നമ്മുടെ വിദ്യാഭ്യാസ നിലവാരം ഉയരും. (കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് പ്രധാനപ്പെട്ട പ്രശ്നമാണല്ലോ)

മേല്പറഞ്ഞ തരത്തിൽ വിദ്യാഭ്യാസരംഗം പരിഷ്ക്കരിക്കാനാണ് സർക്കാർ ശ്രമിക്കേണ്ടത്. അല്ലാതെ IDA ഫണ്ടിൻെറ പുറകെ പോകലല്ല. മേല്പറഞ്ഞ തരത്തിലുള്ള പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയാൽ ഒരു വിദേശഏജൻസിക്കും നമ്മുടെ വിദ്യാഭ്യാസ് മേഖലയെ കൈവശപ്പെടുത്തുവാൻ കഴിയുകയില്ല.

ഇന്ന് ഇന്ത്യയിലും, പ്രത്യകിച്ച് കേരളത്തിലും നടത്തിവരുന്ന വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ, പ ത്തൻ സാമ്പത്തിക നയത്തിൻെറ അനുരണനങ്ങളാണ്. ആയത്, സമൂഹത്തിൽ അസന്തുലിതാവസ്ഥ വർധിപ്പിക്കാൻ മാത്രമേ ഉതകൂ. വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ ഈ പരിഷ്ക്കാരങ്ങൾക്ക് കഴിയുകയില്ല. സേവന മേഖലയെ ഒട്ടാകെ വാണിജ്യവല്ക്കരിക്കാൻ നടത്തുന്ന ശ്രമങ്ങളുടെ ഒരു ഭാഗമാണിത്. ഈ പരിഷ്കാരങ്ങൾക്കെതിരെ ജനങ്ങൾ അണിചേരേണ്ടതുണ്ട്. ആയതിന് ജനങ്ങളെ പ്രേരിപ്പിക്കണമെങ്കിൽ, ഇന്നത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള ബദൽ പദ്ധതികളും ജനങ്ങളുടെ മുമ്പിൽ വെക്കണം. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ഇത്തരം ബദൽ സംവിധാനങ്ങൾ നിർദേശിക്കാൻ ശ്രമിച്ചുവരികയാണ്. സർക്കാരിൻെറ അശാസ്ത്രീയമായ നീക്കങ്ങൾക്കെതിരെ ജനകീയ മുന്നേറ്റം സംഘടിപ്പിക്കുന്നതൊടൊപ്പം, വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള പദ്ധതികളും ആവിഷ്ക്കരിക്കണം. ജനപങ്കാളിത്തത്തോടെ അത്തരം പദ്ധതികൾ നടപ്പിലാക്കാനും ശ്രമിക്കേണ്ടതാണ്.